# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.11.2024**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ബീഹാറിലെ ജമുയയിൽ നാളെ നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും.

2. ഈമാസം 20 ന് മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭകളിലേയ്ക്ക് നടക്കുന്ന തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ കക്ഷികൾ. പാലക്കാട് നിയമസഭാ മണ്ഡലത്തിലും ഉപതിരഞ്ഞെടുപ്പ് പ്രചാരണം സജീവം.

3. 2047 ൽ വികസിത ഭാരതം എന്ന പ്രമേയവുമായി 43-ാമത് ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേളയ്ക്ക് ഡൽഹിയിൽ തുടക്കം.

4. പ്രമേഹത്തെ കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഇന്ന് ലോക പ്രമേഹ ദിനം.

5. മണ്ഡലകാല തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. തിരക്ക് കണക്കിലെടുത്ത് സൗത്ത് സെൻട്രൽ റെയിൽവേ പ്രത്യേക ട്രെയിൻ സർവ്വീസ് നടത്തും.

6. ഇന്ന് ശിശു ദിനം. രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

*****************************************************

RNU TVPM

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൌപദി മുർമുവിന്റെ ദാദ്ര നഗർ ഹവേലി, ദാമൻ ദിയു സന്ദർശനം ഇന്ന് സമാപിക്കും. ഇന്നലെ സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച രാഷ്ട്രപതി വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിച്ചു.

## ജൻജാതീയ ഗൗരവ് ദിവസ്

പ്രധാനമന്ത്രി നരേന്ദ്രമോദി ബീഹാറിലെ ജമുഅയിൽ നാളെ നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും. പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസ മുണ്ടയുടെ 150-ാം ജന്മ വാർഷിക ദിനമാണ് രാജ്യം ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നത്. ബിർസ മുണ്ടയുടെ സ്മരണാർത്ഥം തപാൽസ്റ്റാമ്പും സ്മാരക നാണയവും പ്രധാനമന്ത്രി പുറത്തിറക്കും. ഗോത്രവർഗ വിഭാഗങ്ങളിലെ ഉന്നമനത്തിനായുള്ള 6,640 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും ശ്രീ.നരേന്ദ്രമോദി തുടക്കം കുറിക്കും. രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. ഇതോടനുബന്ധിച്ച് ഇടുക്കിയിലും കാസർഗോഡും സംഘടിപ്പിക്കുന്ന പരിപാടികളിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

RNU TVPM

## പാലക്കാട് പ്രചാരണം

ഈ മാസം 20 ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം അവസാന ഘട്ടത്തിലേക്ക്. വരും ദിവസങ്ങളിൽ മുന്നണികളുടെ പ്രമുഖർ എല്ലാം മണ്ഡലത്തിൽ എത്തും.

## മഹാരാഷ്ട്ര പ്രചാരണം

മഹാരാഷ്ട്രയിൽ 288 അംഗ നിയമസഭയിലേക്ക് ഈ മാസം 20 ന് നടക്കുന്ന തിരഞ്ഞെടുപ്പിന് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. ബി.ജെ.പി യുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് വിവിധ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി രണ്ടിടങ്ങളിൽ തിരഞ്ഞെടുപ്പ് റാലികളിൽ ഇന്ന് പങ്കെടുക്കും.

RNU TVPM

## ഝാർഖണ്ഡ് തിരഞ്ഞെടുപ്പ്

ഝാർഖണ്ഡിൽ രണ്ടാംഘട്ട പ്രചാരണം ഊർജിതമാക്കി മുന്നണികൾ. വിവിധ പാർട്ടികളുടെ പ്രമുഖ നേതാക്കളും പ്രചാരണ രംഗത്തുണ്ട്. കേന്ദ്രമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ അമിത്ഷാ ഇന്ന് വിവിധ റാലികളിൽ പങ്കെടുക്കും. മുതിർന്ന ജെ.എം.എം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സൊറെൻ, ആർ.ജെ.ഡി-എ.ജെ.എസ്.യു എന്നീ കക്ഷികളുടെ നേതാക്കൾ എന്നിവരും

വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.ഒന്നാംഘട്ട തിരഞ്ഞെടുപ്പിൽ 66 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

*********************************************

**വസ്ത്ര വ്യാപാര മേള**

ഇന്ത്യയുടെ ഏറ്റവും വലിയവസ്ത്ര വ്യാപാര മേള ദുബായിൽ ആരംഭിച്ചു. ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ നടക്കുന്ന മേള ഇന്ന് സമാപിക്കും.

*********************************************

**വ്യാപാരമേള**

RIU TVPM

43-ാമത് ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. കേന്ദ്രമന്ത്രി പീയുഷ് ഗോയൽ മേള ഉദ്ഘാടനം ചെയ്തു. 2047 ൽ വികസിത ഭാരതം എന്നതാണ് ഇത്തവണത്തെ പ്രമേയം. ഡിജിറ്റൽ ഇന്ത്യ പവലിയനാണ് മേളയിലെ മുഖ്യ ആകർഷണം. ഝാർഖണ്ഡിനാണ് ഇത്തവണ പ്രാമുഖ്യം. ബിഹാറും ഉത്തർപ്രദേശുമാണ് പങ്കാളിത്ത സംസ്ഥാനങ്ങൾ. ചൈന, ഈജിപ്ത്, ഇറാൻ, ദക്ഷിണ കൊറിയ, തായ്ലാൻഡ്, യു എ ഇ എന്നീ രാജ്യങ്ങളിലെ പ്രതിനിധികളും 14 ദിവസത്തെ മേളയിൽ പങ്കെടുക്കുന്നുണ്ട്.

*********************************************

**ലോക പ്രമേഹ ദിനം (ഇൻട്രോ)**

ഇന്ന് ലോക പ്രമേഹ ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന സുപ്രധാന പൊതുജനാരോഗ്യ വെല്ലുവിളിയായ പ്രമേഹത്തെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ലോക പ്രമേഹ ദിനം ആചരിക്കുന്നത്. പ്രമേഹ പ്രതിരോധം, നേരത്തെയുള്ള രോഗനിർണയം എന്നിവയിൽ സമഗ്രമായ നടപടിയുടെ അടിയന്തിര ആവശ്യം ഉയർത്തിക്കാട്ടുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. *"തടസ്സങ്ങൾ നീക്കാം, വിടവുകൾ നികത്താം: പ്രമേഹരോഗ നിയന്ത്രണത്തിനും രോഗികളുടെ ക്ഷേമത്തിനായി ഒരുമിക്കാം"* എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ പ്രമേയം.

മാറുന്ന ജീവിത സാഹചര്യത്തിൽ വ്യായാമം, ചിട്ടയായ ദിനചര്യ എന്നിവയിലൂടെ പ്രമേഹത്തോടൊപ്പം അനുബന്ധ രോഗങ്ങളും തടയാൻ സാധിക്കുമെന്ന് പ്രമുഖ ഡയബറ്റോലോജിസ്റ്റ് Dr ജ്യോതിദേവ് കേശവ്ദേവ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

RNU TVPM

(വോയിസ്)

*********************************************

**മന്ത്രിസഭാ യോഗ തീരുമാനം**

ഏഴാം ധനകാര്യ കമ്മീഷന് 2 ജോയിന്റ് ഡയറക്ടർമാരുടെ താൽക്കാലിക തസ്തിക സൃഷ്ടിച്ച് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്താൻ മന്ത്രി സഭ യോഗം തീരുമാനിച്ചു.. പത്തനംതിട്ട കലഞ്ഞൂർപാടം റോഡ് പ്രവൃത്തിയുടെ ടെണ്ടറും തിരുവനതപുരം പഴകുറ്റി മംഗലാപുരം

റോഡ് റീച് മൂന്നിലെ പോത്തൻകോഡ്- മംഗലപുരം പ്രവർത്തിക്കുള്ള ടെണ്ടറും യോഗത്തിൽ അംഗീകരിച്ചു.

*************************************************

## ഡൽഹി – വായു മലിനീകരണം

ഡൽഹിയിൽ വായു മലീനീകരണം രൂക്ഷമായി തുടരുന്നു. വായു ഗുണനിലവാര സൂചികയിൽ ഇന്ന് രാവിലെ 432 ആണ് രേഖപ്പെടുത്തിയത്. അടുത്ത മൂന്നു ദിവസങ്ങളിൽ പുകമഞ്ഞ് അനുഭവപ്പെടുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*************************************************

## ബൂക്കർ പുരസ്കാരം

2024 ലെ ബൂക്കർ പുരസ്കാരം ബ്രിട്ടീഷ് സാഹിത്യകാരി സമാൻത്ത ഹാർവെയ്ക്ക്. ഓർബിറ്റൽ എന്ന സയൻസ് ഫിക്ഷൻ നോവലിനാണ് പുരസ്കാരം. രാജ്യാന്തര ബഹിരാകാശ നിലയത്തിലെ യാത്രികരുടെ കഥയാണ് പുസ്തകം പ്രതിപാദിക്കുന്നത്. ഭൂമിക്കും സമാധാനത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കായി പുരസ്കാരം സമർപിക്കുന്നതായി സമാൻത്ത പറഞ്ഞു. 50,000 പൗണ്ടാണ് പുരസ്ക്കാര തുക. 2019 നു ശേഷം ആദ്യമായാണ് ഒരു വനിത ബൂക്കർ പ്രൈസിന് അർഹയാകുന്നത്.

RNU TVPM

*************************************************

കണ്ണൂർ - പ്രസിഡന്റ് തിരഞ്ഞെടുപ്പ്

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായി കെ.കെ.രത്നകുമാരി തിരഞ്ഞെടുത്തു. ADM നവീൻബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് PP ദിവ്യ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവച്ചതിന് തുടർന്നാണ് തിരഞ്ഞെടുപ്പ് നടന്നത്.

*******************************************************

കൊച്ചി- റോ റോ

കൊച്ചിയുടെ യാത്രാ ക്ലേശത്തിന് പരിഹാരമാകാൻ സഹായകമാകുന്ന മൂന്നാമത്തെ റോ- റോ യുടെ നിർമ്മാണ കരാർ കൊച്ചി കപ്പൽശാലയും, കൊച്ചി കോർപ്പറേഷനും ഒപ്പുവച്ചു. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ സാമ്പത്തിക സഹായത്തോടെ 14.9 കോടി രൂപ ചെലവിലാണ് റോ - റോ നിർമ്മിക്കുന്നത്.

RNUTVPM

*******************************************************

ശബരിമല (ഇൻട്രോ)

തീർഥാടകർക്ക് ഇൻഷുറൻസ് പരിരക്ഷയും വെർച്വൽ ക്യൂവിനൊപ്പം തത്സമയ ബുക്കിങ്ങിനും ഉൾപ്പെടെ വിപുലമായ സൗകര്യങ്ങളോടെ മണ്ഡല മകരവിളക്ക് മഹോത്സവത്തിനൊരുങ്ങി ശബരിമല. നാളെ വൈകിട്ട് അഞ്ചിനു നട തുറക്കും. പുതിയ മേൽശാന്തിമാരുടെ സ്ഥാനാരോഹണവും നാളെ നടക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.

(വോയിസ്)

*******************************************************

**ശബരിമല -സ്പെഷ്യൽ ട്രെയിൻ**

ശബരിമല തീർത്ഥാടന കാലത്തെ തിരക്ക് കണക്കിലെടുത്ത് സൗത്ത് സെൻട്രൽ റെയിൽവേ 26 പ്രത്യേക സർവ്വീസുകൾ നടത്തും. സുഗമമായ യാത്ര ഉറപ്പാക്കുന്നതിന് ഫസ്റ്റ് എ.സി , സെക്കന്റ് എ.സി , തേഡ് എ.സി, സ്ലീപ്പർ, ജനറൽ കോച്ചുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരക്ക് ഒഴിവാക്കാൻ ട്രെയിൻ സമയക്രമം പരിശോധിച്ച് ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യണമെന്ന് റെയിൽവേ അറിയിച്ചു.

*******************************************************

**ശബരിമല-കൺട്രോൾ റൂം**

ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ശനിയാഴ്ച മുതൽ കൺട്രോൾ റൂം പ്രവർത്തന സജ്ജമാകും. ഇടുക്കി കളക്ട്രേറ്റിലും മഞ്ചുമല വില്ലേജ് ഓഫീസിലുമായി 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കും.

PNU TVPM

*******************************************************

**ശിശു ദിനം-പി.എം**

ഇന്ന് ശിശു ദിനം. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി രാജ്യമെമ്പാടും ആഘോഷിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി ജവഹർലാൽ നെഹ്റുവിന് ശ്രദ്ധാഞ്ജലി

അർപ്പിച്ചു. ശിശുദിനത്തോട് അനുബന്ധിച്ച് രാജ്യമെമ്പാടും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

*****************************************************

**ശിശുദിനം-കേരളം**

കേരളത്തിൽ ശിശുദിന ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശിശുദിന സന്ദേശം നൽകും. ശിശുദിന സ്റ്റാമ്പും ചടങ്ങിൽ പ്രകാശനം ചെയ്യും.

*****************************************************

**ശോഭ കരന്തലാജെ**

കേന്ദ്ര സഹ മന്ത്രി ശോഭ കരന്തലാജെ ഇന്ന് കൊച്ചി സന്ദർശിക്കും. ഉച്ചയ്ക്ക് കയർ ബോർഡ് ആസ്ഥാനത്ത് നടക്കുന്ന അവലോകന യോഗത്തിൽ കേന്ദ്ര സഹ മന്ത്രി പങ്കെടുക്കും. തുടർന്ന് ഏലൂർ പാതാളം ഇ എസ് ഐ സി ആശുപത്രിയും മന്ത്രി സന്ദർശിക്കും.

*****************************************************

**കൽപ്പാത്തി രഥോത്സവം (ഇൻട്രോ)**

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന്റെ രണ്ടാം തേരുത്സവം ഇന്ന് ആഘോഷിക്കുന്നു.
വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ

പ്രതിനിധി **ഫൈസൽ അലിമുത്ത്.....**

**(വോയിസ്)**

RNU TVPM

****************************************************************

വെട്ടുകാട് തിരുനാൾ

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന് നാളെ തുടക്കമാകും. വൈകിട്ട് നടക്കുന്ന പൊന്തിഫിക്കൽ കുർബാനയോടെയാണ് തിരുനാളിന് തുടക്കമാകുന്നത്. ഇടവക വികാരി വൈ.എം.എഡിസൻ തിരുനാളിന്റെ കൊടിയേറ്റ് കർമ്മം നിർവ്വഹിക്കും. ഈ മാസം 23 വരെയാണ് തിരുനാൾ.

****************************************************************

കാലാവസ്ഥാ വകുപ്പ്

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ നേരിയ, ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അടുത്ത മൂന്നു ദിവസം മൽസ്യതൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

RNUTVPM

****************************************************************

പേപ്പാറ ഡാം

പേപ്പാറ ഡാമിന്റെ ഒന്നു മുതൽ നാലുവരെയുള്ള ഷട്ടറുകൾ ഇന്ന് ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് 10 cm വീതം ഉയർത്തും. അരുവിക്കര ഡാമിന്റെ അഞ്ചു ഷട്ടറുകൾ ഇതേ സമയത്തു തന്നെ 10 cm വീതം ഉയർത്തുമെന്നും ഇരു ഡാമുകളുടേയും

സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

*****************************************************************************************************************************************************************

****************************************************************************************

RNU TVPM